# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-430/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 23/06/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ (ഉപരിപത്രസഹിതം)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ,വയനാട്
3.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-430/2022 തീയ്യതി: 23/06/2022

## വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-01-2022 മുതൽ 05-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പി.എസ്.വസന്ത | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-05-2022 | 17-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-05-2022 | 17-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.കെ.കെ.ബിന്ദു.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.സമീർ.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.വിപിൻ ചന്ദ്രൻ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഉഷ തമ്പി | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| നസീമടീച്ചർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ജയനാരായണൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 27-10-2020 |
| ഉണ്ണികൃഷ്ണൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2020 | 04-11-2020 |
| സിറിയക് ടി കുര്യാക്കോസ് | സെക്രട്ടറി | 05-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബാബുരാജ്.ബി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സുധ.എം.എൻ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 09-09-2020 |
| ശ്രീമതി.കാർത്തിക അന്ന തോമസ് | ശിശു വികസന പദ്ധതി ഓഫീസർ | 22-09-2020 | 31-03-2021 |
| ശ്രീ.ബാബുരാജ്.എം.എൻ | പട്ടികജാതിവികസനഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.മമ്മൂട്ടി | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബാവ.എം.സി | ശിശു വികസന പദ്ധതി ഓഫീസർ | 10-09-2020 | 21-09-2020 |
| ഡോ.സുഭാഷ്.എൽ.ജി | സൂപ്രണ്ട്.ഇൻ.ചാർജ്ജ് | 01-04-2020 | 22-12-2020 |
| ഡോ.ഷെറിൻജോസഫ് സേവ്യർ കല്ലുപുരക്കൽ | സൂപ്രണ്ട് | 22-12-2020 | 31-03-2021 |
| ശ്രീമതി.അജിതമോൾ.കെ.എ | ക്ഷീരവികസനഓഫീസർ | 01-04-2020 | 09-06-2020 |
| ശ്രീമതി.പ്രീതി.കെ.ആർ | ക്ഷീരവികസനഓഫീസർ | 10-06-2020 | 19-01-2021 |
| ശ്രീ.ജോൺ വർഗ്ഗീസി | ക്ഷീരവികസനഓഫീസർ | 05-03-2021 | 31-03-2021 |
| ശ്രീ.അയ്യപ്പൻ.എൻ | വ്യവസായവികസനഓഫീസർ | 01-04-2020 | 31-03-2021 |
| പ്രജിഷ .പി .പി | ക്ഷീരവികസനഓഫീസർ | 20-01-2021 | 04-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-1-1 |
| 3 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-1-2 |
| 4 | യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 19-05-2022) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 19-05-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-5 |
| 9 | ക്യാഷ് പരിശോധന<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-6 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 27-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 27-05-2022) | 1-7 |
| 11 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-8 |
| 12 | വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-9 |
| 13 | മെഡിക്കൽ ഓഫീസർ (ഗവ.താലൂക്ക് ആശുപത്രി) ട്രഷറി ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Vipinchandran.M.T (Auditor, On 19-05-2022)<br>Last Updated By: Vipinchandran.M.T (Auditor, On 15-06-2022) | 1-10 |
| 14 | മെറിറ്റോറിസ് സ്കോളർഷിപ്പ് പദ്ധതി- അപാകതകൾ സംബന്ധിച്ച്<br>Written By: Vipinchandran.M.T (Auditor, On 19-05-2022)<br>Last Updated By: Vipinchandran.M.T (Auditor, On 15-06-2022) | 1-11 |
| 15 | കമ്പ്യൂട്ടറുകൾക്ക് തുക നൽകി രണ്ട് വർഷമായിട്ടും കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 17-06-2022) | 1-12 |
| 16 | ടെണ്ടർഫോറം വില,ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ബ്ലോക്ക് | 1-13 |

| | | |
|---|---|---|
| | പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | |
| 17 | ടെണ്ടർ ഫോറം വില,ഇ.എം.ഡി,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ വരവ് വന്നിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-14 |
| 18 | അങ്കണവാടി കെട്ടിടം സ്മാർട്ടാക്കൽ-പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ.<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-15 |
| 19 | എസ്.ടി.വയോജനങ്ങൾക്ക് കട്ടിൽ വിതരണം-കട്ടിലുകൾ വിതരണം ചെയ്ത വിവരങ്ങൾ ഹാജരാക്കിയില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-16 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ പൊതു അപാകങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 25-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-17 |
| 21 | പകൽവീട് പൂർത്തീകരണം - പടിഞ്ഞാറത്തറ – പദ്ധതി പണം പാഴായി<br>Written By: M.Sameer (Asst. Audit Officer, On 25-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-18 |
| 22 | ഇ-ടെണ്ടർ ഫോറം വിൽപ്പന വഴി വരവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: M.Sameer (Asst. Audit Officer, On 25-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-19 |
| 23 | സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ നല്കൽ(പ്രോ.നം.138/21)-സാംസ്കാരിക നിലയങ്ങൾക്ക് അംഗീകാരമുണ്ടോയെന്ന് വ്യക്തമല്ല.<br>Written By: Leelakrishnan.N.M (Audit Officer, On 26-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-20 |
| 24 | പട്ടിക വിഭാഗങ്ങൾക്ക് കുലിച്ചെലവ് സബ്സിഡി(പ്രോ.നം.172/21)-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Leelakrishnan.N.M (Audit Officer, On 26-05-2022)<br>Last Updated By: Leelakrishnan.N.M (Audit Officer, On 26-05-2022) | 1-21 |
| 25 | ഭിന്നശേഷി സ്കോളർഷിപ്പ്-പഞ്ചായത്തിന് തുക കൈമാറൽ(പ്രോ.നം.SO141/21)-തുക അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.<br>Written By: Leelakrishnan.N.M (Audit Officer, On 26-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 1-22 |
| 26 | 2020-21 സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി- വാഹനം വാടകയ്ക്ക് എടുത്തത് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയിട്ടില്ല<br>Written By: Vipinchandran.M.T (Auditor, On 01-06-2022)<br>Last Updated By: Vipinchandran.M.T (Auditor, On 15-06-2022) | 1-23 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 23-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 27-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 27-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.K.Bindu (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്തിന്റെ 20-21 വർഷത്തെ ബജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുൻബാക്കി | 1,700,204 |
| വരവ് | 930,800,000 |
| ആകെ | 932500204 |
| ചെലവ് | 932092500 |
| നീക്കിബാക്കി | 407704 |
| തീരുമാനം നമ്പർ/തീയതി | 1/1/25.03.20 |

### 1-1-1 ബജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.(ആർ.ടി) 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവ്രുഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നിർവഹണോദ്യോഗസ്ഥരോട് വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ രേഖകളോ നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗം വിളിച്ച വിവരങ്ങളോ ,അവലോകന/കൂടിയാലോചനാവിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കിയില്ല.

സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനവരി 15 ന് മുമ്പ് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമ പ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ [ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ] ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബജറ്റ് പ്രസംഗം.

2. ബജറ്റ് നോട്ട്സ്.

3. ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബജറ്റ്.

5. ജെന്റർ ബജറ്റ്.

മേൽ പറഞ്ഞ പ്രമാണങ്ങളിൽ ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബ്ലോക്ക്പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബജറ്റുകൾ അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

## 1-1-3 യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റിന് യഥാർത്ഥ വരവു ചെലവുകളുമായി വളരെ അന്തരമുണ്ട്.

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

വാസ്തവമല്ലാത്ത ബജറ്റ് തയ്യാറാക്കുന്നത് മൂലം ബജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 26.07.21 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 53972678 |
| വരവ് | 125222676 |
| ആകെ | 179195354 |
| ചെലവ് | 143252263 |
| നീക്കിയിരിപ്പ് | 35943091 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി/ ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 52969373 | 52969373 | 52767235 | 202138 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10642000 | 10642000 | 10258628 | 383372 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 22806000 | 22806000 | 16765353 | 6040647 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 9227715 | 9227715 | 9227715 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ACR പ്രകാരം) | 0 | 9950000 | 9950000 | 8277537 | 1672463 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ACR പ്രകാരം) | 0 | 9950000 | 9950000 | 4586710 | 5363290 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 151237410 | 125 | 101388818 | 0 | 28 | 81.1% |

ആസൂത്രണം ചെയ്തതിൽ പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.05.22 ന് 11 A.m ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമെൻസ് ഓഡിറ്റ് | 18-12-2018 | 2015-16-2018-19 | 19-8-2019 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 4-7-2016 | 1-10-2011-31-05-2016 | 10.01.2017 |

## 1-8 ആഭ്യന്തരനിയന്ത്രണസംവിധാനം

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ചില മേഖലകളിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

വാർഷികകണക്കുകൾ തയ്യാറാക്കുന്നതിലും സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നതിലും ശ്രദ്ധ ചെലുത്തിയിട്ടുള്ളത് അഭിനന്ദനീയമാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക്പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ബ്ലോക്ക്പഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതുംപ്രൊക്യൂർമെന്റ് കമ്മിററിയാണ്.എന്നാൽ പ്രൊക്വയർമെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.ശിശുവികസനപദ്ധതി ഓഫീസർ മുഖേന നടത്തിയ വാങ്ങലുകളിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കുന്നതിനുള്ള നടപടികൾ പാലിച്ചിട്ടില്ല. വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിന് ചെലവഴിച്ച തുക സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി മാലിന്യസംസ്കരണം, സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, പകർച്ചവ്യാധി പ്രതിരോധനടപടികൾ എന്നീ മേഖലകളിൽ ശ്രദ്ധ ചെലുത്തിയത് അഭിനന്ദനാർഹമാണ്. ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് അടുത്ത യോഗത്തിൽ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ, സമ്മതപത്രം കൂടാതെയാണ് പല പദ്ധതികളും ഏറ്റെടുത്തിട്ടുള്ളത്. ജില്ലാപഞ്ചായത്ത്,ഗ്രാമപഞ്ചായത്ത് എന്നിവ നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണപദ്ധതികൾ വിശദമായ റിപ്പോർട്ട് പോലുമില്ലാതെ ഏറ്റെടുത്തിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണതയും ഉണ്ട്.ഇ-ടെണ്ടർ മുഖേന നടത്തിയ വാങ്ങലുകളുടെയും പ്രവൃത്തികളുടെയും ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടില്ല.ബജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.പകൽവീട് നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുൻപ് പണിതീർത്ത പകൽവീടുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുൻപ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുക്കുന്നില്ല.പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ശുഷ്കാന്തി പുലർത്തുന്നില്ല.അതുകൊണ്ട് തന്നെ ബ്ലോക്ക് പഞ്ചായത്ത് എഗ്രിമെന്റ് വെച്ച്

സൈറ്റ് കൈമാറിയ പ്രവൃത്തിവരെ സ്ഥലപരിശോധന നടത്തിയപ്പോൾ,ഗ്രാമപഞ്ചായത്ത് ചെയ്യതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചുനൽകേണ്ട അവസ്ഥ വന്നിട്ടുണ്ട്.ഉദാഹരണമായി കോമക്കൊല്ലികോളനി നടപ്പാതപ്രവൃത്തി.പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച ആസ്തികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാൻ,തീരമാനമെടുത്തിട്ടുണ്ടെങ്കിലും കൈമാറിയതായി കാണുന്നില്ല.

## 1-9 വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യത്തിന്റ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

2.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

3.മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

4.പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.വാർഷിക കണക്കുകൾ പ്രകാരം 30100രൂപ വരവ് കാണിച്ചിട്ടുണ്ട്. ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ഷെഡ്യൂൾ ബി4., ഷെഡ്യൂൾ ബി17 എന്നിവ പൊരുത്തപ്പെടുന്നില്ല.

7.ബി4ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

8. തനത് ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ടിന് പുറമെ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകളും നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. മറ്റ് ഫണ്ടുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് മൂലം തനത് ഫണ്ട് ബാലൻസ് സംബന്ധിച്ച് തെറ്റായ വിവരങ്ങളാണ് വാർഷിക കണക്കിൽ നിന്നും ലഭിക്കുന്നത്.

9. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

10.ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറം വിലയും ഇ.എം.ഡിയും ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം. 8 തീയതി 10.05.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മെഡിക്കൽ ഓഫീസർ (ഗവ.താലൂക്ക് ആശുപത്രി) ട്രഷറി ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഗവ.താലൂക്ക് ആശുപത്രി) നടപ്പിലാക്കിയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട് .എന്നാൽ ട്രഷറി ബില്ല് (TR-59(E)),ചെലവ് സംബന്ധിച്ച രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം . | ബില്ല് നം. /തീയതി | തുക( ₹ ) |
|---|---|---|
| 1 | 3/20-21 - 15/6/20 | 107332 /- |
| 2 | 4/20-21 - 15/6/20 | 17328/- |

മേൽ സൂചിപ്പിച്ച ട്രഷറി ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 9/2020-21/13.05.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.ട്രഷറി ബില്ലുകൾ ഓഡിറ്റിന് ഹാജരാകാത്തതിനാൽ 124660 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ടി ബില്ലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 1-11 മെറിറ്റോറിസ് സ്കോളർഷിപ്പ് പദ്ധതി- അപാകതകൾ സംബന്ധിച്ച്

കൽപ്പറ്റ ബ്ലോക്കിലെ പട്ടിക ജാതി വികസന ഓഫീസർ പട്ടിക ജാതി വിഭാഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിസ് സ്കോളർഷിപ്പിന്റെ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2 പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. ടി പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെയും വിദ്യാർത്ഥികളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും ,വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാതെയും ചുവടെ ചേർത്ത വ്യക്തികൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് .പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു

1.(പ്രൊജക്റ്റ് നം. 21/21 )
അടങ്കൽ (എസ്.സി.പി) :600000
ചെലവ് :600000
ബില്ല് നം.8/20-21 തീയതി 21/7/21 – 110000 /-
ബില്ല് നം.9/20-21 തീയതി 27/8/21 – 40000 /-
ബില്ല് നം.19/20-21 തീയതി 6/3/21 – 70000 /-
ബില്ല് നം.20/20-21 തീയതി 6/3/21 – 50000 /-
ബില്ല് നം.30/20-21 തീയതി 17/3/21 – 140000 /-
ബില്ല് നം.31/20-21 തീയതി 17/3/21 – 50000 /-
ബില്ല് നം.38/20-21 തീയതി 23/3/21 – 85000 /-
ബില്ല് നം.39/20-21 തീയതി 25/3/21 – 55000 /-

| ക്രമ നം | വ്യക്തിയുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | രാഹുൽ രാജ് | 20000 |
| 2 | വിമൽ സുധീർ | 20000 |
| 3 | അശ്വിൻ ഭീം രമേശ് | 20000 |
| 4 | സുജിവിഷ്ണു | 20000 |
| 5 | ആദർശ്.കെ.എസ് | 20000 |
| 6 | ജിതിൻ.പി.വി | 20000 |

2. (പ്രൊജക്റ്റ് നം. 20/21 )
അടങ്കൽ (എസ്.സി.പി):1398600
ചെലവ് :1398600
ബില്ല് നം.10/20-21 തീയതി 24/8/20 – 20000 /-
ബില്ല് നം.11/20-21 തീയതി 9/9/20 – 40000 /-
ബില്ല് നം.15/20-21 തീയതി 3/12/20 – 50000 /-
ബില്ല് നം.18/20-21 തീയതി 6/3/21 – 60000 /-
ബില്ല് നം.21/20-21 തീയതി 6/3/21 – 315000 /-
ബില്ല് നം.24/20-21 തീയതി 6/3/21 – 20000 /-
ബില്ല് നം.26/20-21 തീയതി 6/3/21 – 95000 /-
ബില്ല് നം.27/20-21 തീയതി 6/3/21 – 120000 /-
ബില്ല് നം.28/20-21 തീയതി 6/3/21 – 140000 /-
ബില്ല് നം.29/20-21 തീയതി 6/3/21 – 40000 /-
ബില്ല് നം.32/20-21 തീയതി 19/3/21 – 120000 /-

ബില്ല് നം.33/20-21 തീയതി 17/3/21 – 155000 /-
ബില്ല് നം.34/20-21 തീയതി 25/3/21 – 60000 /-
ബില്ല് നം.35/20-21 തീയതി 25/3/21 – 20000 /-
ബില്ല് നം.36/20-21 തീയതി 25/3/21 – 40000 /-
ബില്ല് നം.37/20-21 തീയതി 25/3/21 – 55000 /-
ബില്ല് നം.40/20-21 തീയതി 25/3/21 – 40000 /-
ബില്ല് നം.42/20-21 തീയതി 30/3/21 – 8600 /-

| ക്രമ നം | വ്യക്തിയുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | ധനുഷ .എ.പി | 20000 |
| 2 | ശ്രുതി | 30000 |
| 3 | മിഥുഷ എം | 20000 |
| 4 | നയന.വി | 20000 |
| 5 | അമൽ കൃഷ്ണൻ | 20000 |
| 6 | ശ്രീന്ത.എസ് | 20000 |
| 7 | അപർണ.പി.എസ് | 20000 |

മേൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ലഭ്യമാകേണ്ടതാണ് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 4/2020-21/10.05.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാകാത്തതിനാൽ 270000 (120000 + 150000) തുക തടസ്സത്തിൽ വെക്കുന്നു . ടി സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-12 കമ്പ്യൂട്ടറുകൾക്ക് തുക നൽകി രണ്ട് വർഷമായിട്ടും കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടില്ല.

തൻവർഷം ശിശുവികസനപദ്ധതി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി അങ്കണവാടികൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയെങ്കിലും കമ്പ്യൂട്ടറുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ-165/21

നിർവഹണം-ശിശുവികസനപദ്ധതി ഓഫീസർ,

പ്രോജക്ട്-അങ്കണവാടികൾക്ക് കമ്പ്യൂട്ടറുകളും ഫാനും നൽകൽ.

അടങ്കൽ-1192720രൂപ

ഫണ്ട്-വികസനഫണ്ട്-ജനറൽ

ചെലവഴിച്ച തുക-1190380രൂപ

| ട്രഷറിബിൽ നമ്പർ/തീയതി | തുക(₹) |
|---|---|
| 4/20-21/30.04.20 | 266800 |
| 11/20-21/30.07.20 | 923580 |
| ആകെ | 1190380 |

പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിൽ നിന്ന് 30 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 923580 രൂപ അടച്ചിട്ടുണ്ട്.തുക അടച്ചപ്പോൾ കെൽട്രോണുമായി കരാർ വെച്ചിരുന്നില്ല.06.02.20 ലെ പ്രോഫോർമ ഇൻവോയിസ് (നമ്പർ 310444) പ്രകാരമാണ് തുക അടച്ചത്.27.01.22 ലെ പ്രോഫോർമ ഇൻവോയിസ് (നമ്പർ 34088) പ്രകാരം 30 കമ്പ്യൂട്ടറുകൾക്ക് വില 900120 രൂപ മാത്രമാണ് .അധികം നൽകിയ തുക കെൽട്രോൺ തിരികെ നൽകുകയോ കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്യുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി.നം. 7/20-21 തീയതി 10.05.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്ത വിവരങ്ങളും അധികം നൽകിയ തുക ഈടാക്കിയ വിവരങ്ങളും ഹാജരാക്കേണ്ടതാണ്.923580 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 ടെണ്ടർഫോറം വില,ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

തൻവർഷം ശിശുവികസനപദ്ധതി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി അങ്കണവാടികൾക്ക് ഫാനുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയെങ്കിലും ടെണ്ടർഫോറം വില,ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

പ്രോജക്ട് നമ്പർ-165/21

നിർവഹണം-ശിശുവികസനപദ്ധതി ഓഫീസർ,

പ്രോജക്ട്-അങ്കണവാടികൾക്ക് കമ്പ്യൂട്ടറുകളും ഫാനും വാങ്ങൽ

അടങ്കൽ-1192720 രൂപ

ഫണ്ട്-വികസനഫണ്ട്-ജനറൽ

ചെലവഴിച്ച തുക-1190380രൂപ

| ട്രഷറിബിൽ നമ്പർ/തീയതി | തുക(₹) |
|---|---|
| 4/20-21/30.04.20 | 266800 |
| 11/20-21/30.07.20 | 923580 |
| ആകെ | 1190380 |

116 സീലിംഗ് ഫാനുകൾ പി.സി.ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് 2300 രൂപ നിരക്കിൽ 266800രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.വാങ്ങലിന് വേണ്ടി ടെണ്ടർ നടത്തിയതിന്റെയും ടെണ്ടർഫോറം വില,ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് നൽകുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 7/20-21 തീയതി 10.05.22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല.ഇവ ഈടാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-14 ടെണ്ടർ ഫോറം വില,ഇ.എം.ഡി,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ വരവ് വന്നിട്ടില്ല.

2020-21 വർഷം ശിശുവികസനപദ്ധതി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി അങ്കണവാടികൾക്ക് കളിക്കോപ്പം കളിയുപകരണങ്ങളും വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയതിൽ ടെണ്ടർ ഫോറം വില,ഇ.എം.ഡി,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

പ്രോജക്ട് നമ്പർ-185/21

നിർവഹണം-ശിശുവികസനപദ്ധതി ഓഫീസർ,
പ്രോജക്ട് – അങ്കണവാടികൾക്ക് കളിക്കോപ്പം കളിയുപകരണങ്ങളും

അടങ്കൽ-1500000/- രൂപ

ഫണ്ട്-വികസനഫണ്ട്-ജനറൽ

ചെലവഴിച്ച തുക-1500000/-രൂപ

ട്രഷറി ബിൽ-14/20-21/08.01.21-1500000/-

E-Tender പ്രകാരം ബ്രാൻഡ് മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്ന് കളികോപ്പകളും കളിയുപകരണങ്ങളും വാങ്ങി. ടെണ്ടർ ഫോറം വില,ഇ.എം.ഡി,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതായോ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചതായോ കാണുന്നില്ല.ഓഡിറ്റ് എൻക്വയറി.നം.5/20-21 തീയതി 10.05.22പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 അങ്കണവാടി കെട്ടിടം സ്മാർട്ടാക്കൽ-പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ.

തൻവർഷം 18 അങ്കണവാടികൾ സ്മാർട്ടാക്കുന്നതിന് ആർട്ട്കോയിൽനിന്ന് സാധനങ്ങൾവാങ്ങി പദ്ധതി നടപ്പാക്കി.

പ്രോജക്ട് നമ്പർ-27/21

നിർവഹണം-ശിശുവികസനപദ്ധതി ഓഫീസർ,

അടങ്കൽ-2126120 രൂപ
പ്രോജക്ട് – അങ്കണവാടി കെട്ടിടങ്ങൾ സ്മാർട്ടാക്കൽ

ഫണ്ട്-വികസനഫണ്ട്-ജനറൽ

ചെലവഴിച്ച തുക-1990023 രൂപ

| ട്രഷറിബിൽ നമ്പർ/തീയതി | തുക(₹) |
|---|---|
| 16/20-21/30.01.21 | 1990023 |

പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങിയത് ആർട്കോയിൽ നിന്നാണ്.ആർട്കോയിൽ നിന്ന് വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല
ആർട്കോയിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സ.ഉ(സാധാ)നം. 3299/2016/തസ്വഭവ തീ. 02.12.2016 ൽ വ്യക്തമാക്കിയിട്ടുണ്ട്. 11.05.22 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ ചെലഞ്ഞിച്ചാൽ,കോടഞ്ചേരിക്കുന്ന് എന്നീ അങ്കണവാടികളിൽ ഹോം തിയേറ്റർ, സൗണ്ട് സിസ്റ്റം എന്നിവ നൽകിയത് നാളിതുവരെ ഉപയോഗിച്ചിട്ടില്ല എന്ന് കണ്ടു.ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്തതിനാലാണ് ഇവ ഉപയോഗിക്കാത്തത്.കറണ്ട് ഇല്ലാത്ത അങ്കണവാടികളിൽ നൽകിയ ഇവയുടെ വാറണ്ടി കാലയളവ് കഴിഞ്ഞിട്ടുണ്ട്.കൂടാതെ ഇവ പ്രവർത്തനക്ഷമമാണോ എന്ന് പറയാനുമാകില്ല.കൂടാതെ ഇവ ആർട്കോ സ്വന്തം നിലയിൽ നിർമ്മിച്ചതല്ല എന്ന് വ്യക്തമാണ്. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ, ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.
വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1-16 എസ്.ടി.വയോജനങ്ങൾക്ക് കട്ടിൽ വിതരണം-കട്ടിലുകൾ വിതരണം ചെയ്ത വിവരങ്ങൾ ഹാജരാക്കിയില്ല.

2020-21 വർഷം ശിശുവികസനപദ്ധതി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി എസ്.ടി.വയോജനങ്ങൾക്ക് കട്ടിൽ വിതരണം നടത്തുന്നതിന് പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ-119/20,67/21

നിർവഹണം-ശിശുവികസനപദ്ധതി ഓഫീസർ,

അടങ്കൽ-1079878 രൂപ

ഫണ്ട്-വികസനഫണ്ട്-ടി.എസ്.പി

ചെലവഴിച്ച തുക-1078304 രൂപ

| ട്രഷറിബിൽ നമ്പർ/തീയതി | തുക(₹) |
|---|---|
| 5/20-21/30.04.20 | 208704 |
| 6/20-21/30.04.20 | 434800 |
| 7/20-21/30.04.20 | 434800 |
| ആകെ | 1078304 |

1.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല ഐ.സി.ഡി.എസ് -കൾ നടത്തുക എന്നതാണ് . ഇതേ പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ, ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ

പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്.കട്ടിൽവിതരണപദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തപ്പോൾ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തിയിട്ടില്ല

2.ആർട്കോയിൽ നിന്ന് 248 കട്ടിലുകൾ വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകുകയും മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.കട്ടിലൊന്നിന് 4348 രൂപയാണ് വില.കട്ടിലുകൾ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.കട്ടിലുകൾ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ളതാണോ എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല.ഗുണഭോക്താക്കളുടെ പ്രായം,ജാതി,അർഹത എന്നിവ തെളിയിക്കുന്ന രേഖകളോ,പഞ്ചായത്തിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന രേഖകളോ ഫയലിൽ ഇല്ല.

ഓഡിറ്റ് എൻക്വയറി.നം. 6/20-21 തീയതി 10.05.22പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.1078304 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പൊതുമരാമത്ത് പ്രവൃത്തികൾ പൊതു അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിനെ മൊത്തത്തിൽ ഒരു ഘടകമായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട സ്ഥാപനമാണ് ബ്ലോക്ക് പഞ്ചായത്ത്.പൊതുമരാമത്ത് മേഖലയിലെ പദ്ധതികളുടെ നിർവഹണോദ്യോഗസ്ഥർ അസി.എഞ്ചിനീയറും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും ആണ്.എന്നാൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും വേണ്ടത്ര ശ്രുഷ്കാന്തി പുലർത്തുന്നതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം റോഡ് ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതല്ല. എന്നാൽ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ്. പദ്ധതി ചെലവ് പത്രിക പ്രകാരം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യാഗസ്ഥൻ | ആകെ പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | വകയിരുത്തിയ തുക(₹) | ചെലവഴിച്ച തുക(₹) |
|---|---|---|---|---|
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 98 | 79 | 75,603,205 | 52,191,446 |

തൻ വർഷം തയ്യാറാക്കിയ 98 പ്രോജക്റ്റുകളില് 75 എണ്ണം സ്പിൽ ഓവർ പ്രോജക്റ്റുകളും 23 എണ്ണം തൻവർഷ പുതിയ പ്രോജക്റ്റുകളുമാണ്. സ്പിൽ ഓവർ പ്രോജക്റ്റുകളിൽ 14 എണ്ണവും പുതിയ പ്രോജക്റ്റുകളിൽ 5 എണ്ണവും തൻവർഷം നടപ്പിലാക്കിയിട്ടില്ല. മുൻവർഷം നടപ്പിലാക്കാതിരുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കുകയാണ് തൻവർഷം നടന്നിട്ടുള്ളത്. തൻവർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം നാമ മാത്രമാണ്.

സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെയും സമയവും മനുഷ്യവിഭവശേഷിയും ചെലവഴിച്ച് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്തതിനാൽ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാകേണ്ട മുഴുവൻ തുകയും വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാൻ കഴിയുന്നില്ല. സ്പിൽ ഓവർ പ്രവൃത്തികൾ തന്നെ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇതിനാൽ പദ്ധതിക്കായി വകയിരുത്തിയ തുക പാഴായി പോകുന്ന അവസ്ഥ കൈവന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളും ജില്ലാപഞ്ചായത്തിന്റെ പദ്ധതികളും കണക്കിലെടുക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ , [സ.ഉ.(കൈ)എം.എസ്.നം.11/2018 ത.സ്വ.ഭ.വ.29.01.18] പ്രകാരം സ്പിൽ ഓവറായ വർഷം തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ് . മുൻവർഷങ്ങളിൽ സ്പിൽ ഓവറായ പദ്ധതികൾ വീണ്ടും സ്പിൽ ഓവറാക്കി തുക വകയിരുത്തുന്നത് ശരിയായ നടപടിയല്ല. ഓരോ വർഷവും തുക വകയിരുത്തിയ പദ്ധതികൾ നടപ്പാക്കാതെ , ഫണ്ട് ലാപ്സാക്കുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വിവിധ വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക പാഴാകുന്ന അവസ്ഥ സംജാതമാകുന്നു.

ഒരു ഗ്രാമപഞ്ചായത്തിന്റെ മാത്രം ഉള്ളിലുള്ള റോഡുകളുടെ ടാറിംഗിനും റീടാറിംഗിനും അത് പോലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരം പ്രോജക്റ്റുകൾ ആവശ്യപ്പെട്ടതായി കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലോ പദ്ധതി ഫയലുകളിലോ പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ ഇല്ല.ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലകളിൽപ്പെട്ടതല്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. ഉദാഹരണമായി പ്രോജക്റ്റ് നം.176/21 , മേപ്പാടി ജി.വി.എച്ച്.എസ്സ്.എസ് കമ്മ്യൂണിറ്റി ടോയ് ലറ്റ് നിർമ്മാണം. ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെട്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ക്രമ വിരുദ്ധമാണ്.

പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.ആയതിനാൽ ചെലവഴിച്ച തുകകൾ പ്രയോജനപ്രദമാകുന്നില്ല.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.പല റോഡുകളും പകുതി ഭാഗം പണി തീർത്ത് പകുതി ഭാഗം ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്.

4.എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നതായി കാണുന്നില്ല.അതുകൊണ്ട് എഗ്രിമെന്റ് വെച്ച് പണി തുടങ്ങിയതിന് ശേഷം പല എസ്റ്റിമേറ്റുകളും റിവൈസ് ചെയ്യേണ്ട സാഹചര്യം വന്നിട്ടുണ്ട്.പദ്ധതികൾ യഥാസമയം പൂർത്തിയാകാതെ ഫണ്ട് ലാപ്സാകുന്നതിന് ഇത് ഒരു കാരണമാണ്.സ്ഥലസന്ദർശനം നടത്തി വേണ്ടത്ര പഠനം നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് കാണുന്നത്.

5.പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിലും പിഴ ഈടാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

6.ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ ബ്ലോക്ക്പഞ്ചായത്ത് പ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പടുത്തിയത് സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നില്ല.

7.അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. പ്രവൃത്തികളുടെ ഫയലിൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനു ശേഷമുള്ള ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

9.ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

10.കരാറിൽ പൂർത്തീകരണതീയതി രേഖപ്പെടുത്തുന്നില്ല.2012 ലെ കേരളപൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.പി.13/2012 /പി.ഡബ്ല്യു.ഡി /01.02.2012) പ്രകാരമുള്ള നിർദ്ദിഷ്ടഫോറത്തിൽ അല്ല എഗ്രിമെൻറ് വെച്ചിട്ടുള്ളത്.

11. കരാറിൽ പൂർത്തീകരണത്തീയതി രേഖപ്പെടുത്താത്തതിനാൽ ഓരോ വർഷത്തെയും പദ്ധതികൾ 31/3 ന് പൂർത്തീകരിക്കുക എന്ന അനുമാനത്തിൽ കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും സ്വീകരിച്ചതായി കാണുന്നില്ല.

12.ഫയലുകളിൽ പേജ് നമ്പർ നൽകുകയോ നോട്ട് ഫയൽ വെക്കുകയോ ചെയ്തിട്ടില്ല.

13.ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സമ്മതപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. സമ്മതപത്രം ഇല്ലാതെ മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികളിൽ യാതൊരു വിധ പ്രവൃത്തികളും നടത്താൻ പാടില്ലാത്തതാണ്. ഇങ്ങനെ പ്രവൃത്തി നടത്തുന്നത് മൂലം പദ്ധതികളിൽ ഇരട്ടിപ്പ് വരുന്നതിന് കാരണമാകുന്നു. കൂടാതെ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ ഭാഗമായി രേഖപ്പെടുത്തപ്പെടുന്നില്ല.

14. ബ്ലോക്ക് പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ നടത്തുന്ന റോഡുകളുടെയും നടപ്പാതകളുടെയും പ്രോജക്കുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥരുടെ യുക്തിസഹമായ പേരുകളാണ് നൽകുന്നത്. റോഡ് പ്രവൃത്തികൾ നടത്തുമ്പോൾ പ്രസ്തുത റോഡുകൾക്ക് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് തങ്ങളുടെ ആസ്തി രജിസറ്ററിൽ രേഖപ്പെടുത്തിയ പേരുകളും ചെയിനേജുകളുമാണ് നൽകേണ്ടത്. എന്നാൽ ഇങ്ങനെ നടപടി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇങ്ങനെ നടപടി സ്വീകരിക്കാത്തതിനാൽ തൻവർഷം നടത്തിയ പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തിന്റെ ഏത് റോഡിലാണ് നടത്തിയതെന്ന് വ്യക്തമാകുന്നില്ല.

15. പദ്ധതി തയ്യാറാക്കുമ്പോൾ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയ ഫയൽ ഹാജരാക്കിയിട്ടില്ല.

16. സൈറ്റ് മാപ്പ്, പ്ലാൻ, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പ്രവൃത്തി കലണ്ടർ, മോണിറ്ററിംഗ് റിപ്പോർട്ട്, സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം , വർക്ക് ഇൻ പ്രോഗ്രസ് സംബന്ധിച്ച രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. ഫയൽ തയ്യാറാക്കുമ്പോൾ നിർബന്ധമായും തയ്യാറാക്കേണ്ട കുറിപ്പ് ഫയലുകൾ തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 തീയതി 09.05.2022 ക്ക് , ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

## 1-18 പകൽവീട് പൂർത്തീകരണം - പടിഞ്ഞാറത്തറ - പദ്ധതി പണം പാഴായി

പ്രോജക്റ്റ് നം. 87/21

പ്രോജക്റ്റിന്റെ പേര് - പകൽവീട് പൂർത്തീകരണം - പടിഞ്ഞാറത്തറ

അടങ്കൽ - 500000രൂപ വികസനഫണ്ട് – പൊതുവിഭാഗം

PAC – 396308 (ജി.എസ്.ടി അധികം)

ബിൽ നം.87/2020-21 തീയതി 30.03.2021 തുക 381032/-രൂപ

എഗ്രിമെന്റ് നംAEE/LSGD/KPTA/16/2020-21 തീയതി 5.11.2020
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

വൃദ്ധജനങ്ങൾക്ക് സൗഹൃദക്കൂട്ടായ്മയും സാമൂഹ്യ ക്ഷേമവും ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തിനാണ് പദ്ധതി ആസൂത്രണം നടത്തിയതും പദ്ധതി നിർവ്വഹണം നടത്തിയതും. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെയും 11.05.2022ന് നടത്തിയ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതി പ്രകാരം നിർമ്മാണം നടത്തിയ പകൽവീട് സ്ഥിതി ചെയ്യുന്ന സ്ഥലം ആരുടെതാണെന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഭൂമി ബ്ലോക്ക് പഞ്ചായത്തിന്റെതാണെന്നോ മറ്റേതെങ്കിലും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നോ വ്യക്തമല്ല.

2.പകൽ വീട് സ്ഥിതി ചെയ്യുന്നത് പടിഞ്ഞാറത്തറ ഡാം കനാലിനോട് ചേർന്ന ചരിവുള്ള സ്ഥലത്താണ്. കെട്ടിടത്തിനോട് ചേർന്ന് കനാൽ നിർമ്മാണം സ്ഥല പരിശോധന വേളയിലും കാണാൻ കഴിഞ്ഞു.

3.കെട്ടിടത്തിനോട് ചേർന്ന് കരിങ്കല്ല് കെട്ടിയ ഭാഗത്ത് 16 ഘന മീറ്റർ മണ്ണ് ഇട്ടതായി ബില്ലിൽ ഇനം നമ്പർ '5 'ആയി രേഖപ്പെടുത്തി 4288 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും കരിങ്കൽ കെട്ടിൽ ആവശ്യമായ മണ്ണ് നിറച്ചതായി കാണാൻ സാധിച്ചിട്ടില്ല.

4.പകൽ വീടുകൾ സ്ഥാപിക്കുന്നത് വൃദ്ധജനങ്ങൾക്ക് എത്തിച്ചേരാനാവശ്യമായ സൗകര്യങ്ങൾ ഉള്ള സ്ഥലങ്ങളിലായിരിക്കേണ്ടതാണ്. എന്നാൽ മേൽ പകൽ വീട് സ്ഥാപിച്ചിരിക്കുന്നത് പൊതു ഗതാഗത സൗകര്യം ഇല്ലാത്ത പ്രദേശത്താണ് . നിലവിൽ ആരും കെട്ടിടം ഉപയോഗപ്പെടുത്തുകയോ ആരെയെങ്കിലും ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ കെട്ടിട നിർമ്മാണത്തിനായി തുക ചെലവഴിച്ചത് പദ്ധതി പണം പാഴാക്കുന്നതിന് കാരണമായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( നം.12 തീയതി 13.05.2022 )ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ 2017 ൽ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് കിട്ടിയ സ്ഥലത്താണ് പകൽ വീടിന്റെ നിർമ്മാണം നടത്തിയിട്ടുള്ളതെന്നും തൻവർഷം ഇലക്ട്രിഫിക്കേഷനും കുടിവെള്ളം ലഭ്യമാക്കുന്ന പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2022 ഫെബ്രുവരി മാസത്തിലാണ് കനാലിന്റെ നിർമ്മാണം ആരംഭിച്ചതെന്നും മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാലാണ് ഇവിടെ കെട്ടിടം നിർമ്മിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

മേൽ മറുപടി തൃപ്തികരമല്ല. കെട്ടിടം നിർമ്മാണം നടത്തിയ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഡാമുകളുടെ നിർമ്മാണം ആസൂത്രണത്തിനോടനുബന്ധിച്ച് തന്നെ കനാലുകളുടെ രൂപകൽപ്പനയും നടക്കുമെന്നതിനാൽ പ്രസ്തുത സ്ഥലം കനാലിന്റെ ക്യാച്ച്മെന്റ് പ്രദേശത്ത് ഉൾപ്പെടുന്നില്ല എന്ന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പകൽവീടുകൾ വയോജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാവുന്ന സ്ഥലത്ത് നിർമ്മിക്കേണ്ടതാണ്. എന്നാൽ നിലവിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുഗതാഗത സൗകര്യം വളരെ കുറവുള്ളതും പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് കേന്ദ്രത്തിൽ നിന്നും വിദൂരമായ സ്ഥലത്തുമാണ്. കൂടാതെ ഈ സ്ഥലത്ത് കെട്ടിടം നിർമ്മാണം നടത്തുന്നതിന് വേണ്ടി ഗ്രാമ സഭ ആവശ്യപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗ്രാമ സഭകളിൽ ഉയർന്ന് വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചാണ് പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടത്. ഈ പദ്ധതിയുടെ കാര്യത്തിൽ ഇത്തരത്തിലുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമ സഭ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതി ആസൂത്രണം ചെയ്തത് എന്ന നിഗമനത്തിലെത്തുന്നു. ആവശ്യമായ രേഖകൾ പൂർണ്ണമായും ഹാജരാക്കേണ്ടതാണ്. നിലവിൽ കെട്ടിടത്തിന്റെ ചുമതല ആരെയും ഏൽപ്പിച്ചതായി കാണുന്നില്ല.കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടുകളുടെ ചെലവ് വിവരങ്ങളുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് വർഷം ചെലവഴിച്ച 381032രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ ഫോറം വിൽപ്പന വഴി വരവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് - 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ-ടെണ്ടർ വഴി ലഭിക്കേണ്ടിയിരുന്ന ടെണ്ടർ ഫോറം വില സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 3തീയതി 09.05.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ച തുക സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ലഭിച്ച തുക എത്രയാണെന്നും ആയത് നിലവിൽ ഏത് അക്കൗണ്ടിലാണ് ഉള്ളതെന്നും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായ മേൽ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വെക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ നല്കൽ(പ്രോ.നം.138/21)- സാംസ്കാരിക നിലയങ്ങൾക്ക് അംഗീകാരമുണ്ടോയെന്ന് വ്യക്തമല്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം 5ലക്ഷം രൂപ[ബിൽ നം.25/20-21തീ.07-10-2020 -പ്ലാൻ ഫണ്ട്(ജനറൽ)]ചെലവഴിച്ച് 11 സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഷെൽഫ്,മേശ,കസേര എന്നിവ വാങ്ങി നല്കിയിട്ടുണ്ട്.മേൽ സ്ഥാപനങ്ങൾക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുണ്ടോയെന്നകാര്യം ഫയലിൽ നിന്ന് വ്യക്തമല്ല.ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ,കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്റ്റുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെന്നാണ് പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്നത്.[സ.ഉ(കൈ) 11/2018/തസ്വഭവ തീ. 29-01-2018].ആയതിനാൽ സാംസ്കാരിക നിലയങ്ങളുടെ അംഗീകാരം സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.13/20-21/13-5-22)മറുപടി നല്കിയിട്ടില്ല.സാംസ്കാരിക നിലയങ്ങളുടെ അംഗീകാരം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ചെലവുതുക( 5ലക്ഷം രൂപ) തടസത്തിൽ വയ്ക്കുന്നു.

## 1-21 പട്ടിക വിഭാഗങ്ങൾക്ക് കൂലിച്ചെലവ് സബ്സിഡി(പ്രോ.നം.172/21)-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിന്റെ ഭാഗമായി ₹134689/(ബിൽ നം.5/11-4-20-ടിഎസ് പി ഫണ്ട്) കോട്ടത്തറ ഗ്രാമ പഞ്ചായത്തിന് നല്കിയിരുന്നു(അക്കൗണ്ട് നം.71801140000016).ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിരുന്നുവോ എന്നകാര്യം ഫയലിൽ നിന്ന് വ്യക്തമല്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.10/20-21/13-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവു തുക ₹134689 തടസത്തിൽ വയ്ക്കുന്നു.

## 1-22 ഭിന്നശേഷി സ്കോളർഷിപ്പ്-പഞ്ചായത്തിന് തുക കൈമാറൽ(പ്രോ.നം.S0141/21)-തുക അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിന്റെ ഭാഗമായി 5 ലക്ഷം രൂപ (പ്ലാൻ ഫണ്ട്-ജനറൽ) മുട്ടിൽ ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നല്കിയിട്ടുണ്ട്.(ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ 07.07.2020ലെ ICDS/Sup-A6-01-2020 നമ്പർ കത്ത് പ്രകാരം)ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 5ലക്ഷം രൂപ അനുവദിച്ചതിന്റെ മാനദണ്ഡം (എത്ര പേർക്ക് എത്ര രൂപാനിരക്കിൽ എന്ന് )എന്ത് എന്ന കാര്യം ഫയലിൽ നിന്ന് വ്യക്തമല്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/20-21/13-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവുതുക 5ലക്ഷം രൂപ [ അലോട്ട്മെന്റ് നമ്പർ 230/04.03.21 ₹ 2,25,000/-, 231/06.03.21 ₹ 2,50,000/-, 254/16.03.21 ₹25,000/-] തടസത്തിൽ വയ്ക്കുന്നു.

## 1-23 2020-21 സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി- വാഹനം വാടകയ്ക്ക് എടുത്തത് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി )ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ തരിയോട് സി.എച്ച്.സി -യിലെ വാഹനം വാടകയ്ക്ക് എടുത്തത് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയിട്ടില്ല .ഹോം കെയർ വിസിറ്റിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ വാഹനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ, 07.03.19-ലെ സ.ഉ.(സാധാ.) നം.533/2019/ത.സ്വ.ഭ.വ. പ്രകാരമുള്ള പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖ യുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ചാണ് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാഹനം വാടകയക്ക് എടുക്കേണ്ടത്.

ആയതിനാൽ മേൽ സൂചിപ്പിച്ച സി.എച്ച്.സി -യിലെ വാഹനം വാടകയക്ക് എടുത്തത് സംബന്ധിച്ച ക്വട്ടേഷൻ

ഫയലുകൾ ഓഡിറ്റിന് ഹാജരാകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 9/2020-21/13.05.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.ടി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 09.05.22-11.05.22 | ഇതേ റിപ്പോർട്ട് നമ്പറിൽ പുറപ്പെടുവിക്കുന്നു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2020-21 | 879675 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 879675 | 0 |
| ഗ്രാമ പഞ്ചായത്ത് | 2020-21 | 466145 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 466145 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(5) | 2006-07 | 3.8.8(1) | പിരിച്ചെടുത്ത തുകകൾ യഥാസമയം അക്കൌണ്ടിൽ അടവാക്കിയില്ല. പണാപഹരണം | നിയമസഭാ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. 18.12.21-ന് ചേർന്ന നിയമസഭാ കമ്മിറ്റി ജില്ലാതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു. |
| 2012-13 | | 2013-14 | 5.3.5(2) | 2012-13 വർഷം വ്യവസായ മേഖലയിൽ വകയിരുത്തിയ തുക ചെലവഴിച്ചതിൽ കുറവ് വന്നത് സംബന്ധിച്ച് | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | | 2013-14 | 5.3.5(6) | 2011-12 വർഷം വ്യവസായ തൊഴിൽ സംരംഭങ്ങൾക്ക് തുക വകയിരുത്തിയത് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ല | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 125222676 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 143252263 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3862265 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 124660 | ഡോ.സുഭാഷ്.എൽ.ജി.സൂപ്രണ്ട് ഇൻ ചാർജ്ജ് |
| 1-11 | 2,70,000/- | ശ്രീ ബാബുരാജ് എം.എൻ, പട്ടികജാതി വികസന ഓഫീസർ |
| 1-12 | 923580 | ശ്രീമതി.സുധ.എം.എൻ,ശിശുവികസനപദ്ധതി ഓഫീസർ |

| | | |
|---|---|---|
| 1-16 | 1078304 | ശ്രീമതി.സുധ.എം.എൻ,ശിശുവികസനപദ്ധതി ഓഫീസർ |
| 1-18 | 381032 | ശ്രീ ബാബുരാജ് ബി.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-20 | 500000 | ശ്രീ ഉണ്ണികൃഷ്ണൻ.കെ,സെക്രട്ടറി (ഇൻചാർജ്ജ്) |
| 1-21 | 134689 | ശ്രീ.മമ്മൂട്ടി,കൃഷി അസി.ഡയറക്ടർ |
| 1-22 | 500000 | ശ്രീ സിറിയക്.ടി കുര്യാക്കോസ്,സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ സുഭാഷ് എൽ.ജി<br>സൂപ്രണ്ട് ഇൻചാർജ്ജ് | സൂപ്രണ്ട് ഇൻചാർജ്ജ് | സുരേഷ്ഭവൻ,<br>കൈതക്കോട്,<br>കൊട്ടാരക്കര,<br>കൊല്ലം |
| ശ്രീമതി സുധ എം.എൻ<br>ശിശുവികസന പദ്ധതി ഓഫീസർ | ശിശുവികസന പദ്ധതി ഓഫീസർ | വിശ്വം,സിവിൽ സ്റ്റേഷൻ പി.ഒ,<br>കോഴിക്കോട് |
| ശ്രീ ബാബുരാജ് ബി.ആർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഉത്രാടം,<br>കാവിൽവിള,<br>വെൺപകൽ പി.ഒ,<br>അറാല്യമൂട്,<br>തിരുവനന്തപുരം |
| ശ്രീ മമ്മൂട്ടി<br>അസിസ്റ്റന്റ് ഡയറക്ടർ<br>അഗ്രികൾച്ചർ | അസിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ | കണ്ടോത്തൻ വീട്,<br>വരാമ്പറ്റ പി.ഒ,<br>പടിഞ്ഞാറത്തറ |
| സിറിയക്.ടി.കുര്യാക്കോസ്<br>സെക്രട്ടറി | സെക്രട്ടറി | കക്കാട്ടുചിറയിൽ വീട്,<br>കുഴിമറ്റം പി.ഒ,<br>കോട്ടയം |
| ശ്രീ ബാബുരാജ് എം.എൻ<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ | മരോട്ടിമൂട്ടിൽ വീട്<br>കേണിച്ചിറ പി.ഒ<br>വയനാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,1996-97 | എൽ.എഫ്.ഡബ്ല്യൂ.പി4-103/99/10.03.99 |
| 1997-98 | എൽ.എഫ്.ഡബ്ല്യൂ.പി2-501/00/4.1.01 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ.പി2-731/00/16.04.01 |
| 1999-00 | എൽ.എഫ്.ഡബ്ല്യൂ.പി2-570/03/7.4.04 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ.പി1-344//04/4.10.05 |
| 2001-02 | എൽ.എഫ്.ഡബ്ല്യൂ.പി2-345/05/8.2.05 |
| 2002-03 | എൽ.എഫ്.ഡബ്ല്യൂ.M1-159/15/30.03.15 |
| 2006-07 | എൽ.എഫ്.ഡബ്ല്യൂ.പി5-1073/11/15.2.12 |
| 2007-08,08-09 | എൽ.എഫ്.ഡബ്ല്യൂ.E2-359/14/7.4.15 |
| 2009-10 | എൽ.എഫ്.ഡബ്ല്യൂ.ഇ2-360/14/31.3.15 |
| 2010-11,11-12 | എൽ.എഫ്.ഡബ്ല്യൂ.ഇ3-953/13/.3.3.15 |
| 2012-13,<br>2013-14 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/407/2015/01.09.15 |
| 2014-15 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/708/2016/31.5.17 |
| 2015-16 | കെ എസ് എ(ഡബ്ല്യൂ വൈഡി)എം2/163/2017 |
| 2016-17 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/776/17/3.4.18 |
| 2017-18 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/981/2018/28.02.2019 |
| 2018-19 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/101/2020 19.03.2020 |
| 2019-20 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)ഇ3/100/2022 12.04.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്